നമ്പർ:102/2016

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരേ,
നമ്മുടെ പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിൽ കബറടങ്ങിയിരിക്കുന്ന 6-ാം മാർത്തോമ്മാ (വലിയ മാർ ദീവന്നാസ്യോസ്), 8-ാം മാർത്തോമ്മാ എന്നീ മലങ്കര മെത്രാപ്പോലീത്താമാരുടെയും, 'കാതോലിക്കേറ്റ് രത്നദീപം' ഭാഗ്യസ്മരണാർഹനായ പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെയും സംയുക്ത ഓർമ്മപ്പെരുന്നാൾ ഈ വർഷം ഏപ്രിൽ 17, 18 (ഞായർ, തിങ്കൾ) തീയതികളിൽ ഭക്തിനിർഭരമായി നടത്തുന്നതിന് നിശ്ചയിച്ചിരിക്കുകയാണ്. പരിശുദ്ധ സഭയ്ക്ക് ധീരോദാത്തമായ നേതൃത്വം നൽകിയ ശ്രേഷ്ഠ മഹാപുരോഹിതന്മാരായിരുന്നു ഈ മൂന്ന് പിതാക്കന്മാരുമെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. പെരുന്നാൾ ചടങ്ങുകൾക്ക് നാമും നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നതാണ്. ആ പുണ്യപിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാളിൽ നിങ്ങളേവരും നേർച്ചകാഴ്ചകളോടുകൂടി വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം ഓർമിപ്പിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2016 ഏപ്രിൽ മാസം 2 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.